**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 349** **12.01.2021 – ൽ മറുപടിക്ക്.**

## മുൻഗണനാ കാർഡ് ലഭിക്കുന്നതിന് നടപടി

ചോദ്യം

**ശ്രീ. വി. അബ്ദുറഹിമാൻ :**

(എ) സംസ്ഥാനത്ത് അർഹതയുണ്ടായിരുന്നിട്ടും റേഷൻ കാർഡ് എ.പി.എൽ. ആയിപ്പോവുകയും അത് പരിശോധിച്ച് അർഹമായ മുൻഗണന കാർഡ് ലഭിക്കുന്നതിനായി നൽകിയ അപേക്ഷകൾ തീരുമാനമാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ കാർഡ് ലഭിക്കുന്നതിന് നൽകിയ അപേക്ഷയിൽ തീരുമാനമാകാതെ വൈകുന്നതിന്റെ കാരണം അറിയിക്കുമോ;

(സി) താഴ്ന്ന വരുമാനക്കാർക്ക് വളരെ ആശ്വാസമാകുന്ന മുൻഗണനാ കാർഡ് ലഭിക്കുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം അതിവേഗം കൈക്കൊള്ളാൻ നടപടി സ്വീകരിക്കുമോ?

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും നിലവിൽ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ പരിഗണിച്ച്, 24 മണിക്കൂറിനകം എല്ലാവർക്കും റേഷൻ കാർഡ് നൽകും എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രേഖകളുടെ വ്യക്തമായ പരിശോധന നടത്താതെ മുൻഗണനേതര നോൺ-സബ്സിഡി കാർഡാണ് അനുവദിച്ചു വരുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് മുൻഗണനാ കാർഡിനുള്ള അപേക്ഷ പരിഹരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്.

നിലവിലുള്ള മുൻഗണനാ മാനദണ്ഡപ്രകാരം ഒഴിവാക്കൽ ഘടകങ്ങൾ ബാധകമല്ലാത്ത താഴ്ന്ന വരുമാനക്കാർ ഉൾപ്പെടുന്ന കുടുംബങ്ങളെ

പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് മുൻഗണനയിൽ ഉൾപ്പെടുത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**